പത്രക്കുറിപ്പ്
30-05-2018

## സമൂഹത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചുമുള്ള ജ്ഞാനമാണ് ഏറ്റവും മഹത്തായ ജ്ഞാനം: മന്ത്രി ഡോ. കെ.ടി. ജലീൽ

---

- കുടുംബശ്രീ സംസ്ഥാനതല ബാല പാർലമെന്റും ഓപ്പൺ ഫോറവും സംഘടിപ്പിച്ചു

തിരുവനന്തപുരം: സമൂഹത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചുമുള്ള ജ്ഞാനമാണ് ഏറ്റവും മഹത്തായ ജ്ഞാനമെന്നും നന്നായി പഠിക്കുന്നതിനൊപ്പം ചുറ്റുപാടുകളെക്കുറിച്ചുള്ള ബോധവും ഓരോ വിദ്യാർത്ഥിക്കുമുണ്ടായിരിക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ. കുടുംബശ്രീ ബാലസഭയുടെ ആഭിമുഖ്യത്തിൽ പഴയ നിയമസഭ മന്ദിരത്തിലെ അസംബ്ലി ഹാളിൽ സംഘടിപ്പിച്ച ഈ വർഷത്തെ ബാല പാർലമെന്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യ അഭ്യസിക്കുന്നത് പാഠപുസ്തകത്തിലെ അറിവ് സമ്പാദിക്കുന്നതിനല്ല മറിച്ച് നല്ല മനുഷ്യരായി തീരുന്നതിനാണെന്നും മാറ്റത്തിന്റെ മെഴുകുതിരി സ്വന്തം മനസ്സിൽ കൊളുത്തി ആ പ്രകാശം രാജ്യാതിർത്തിക്കുമപ്പുറത്തേക്ക് ഓരോ കുട്ടികളും പരത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വിദ്യാഭ്യാസത്തോടൊപ്പം നല്ല സംസ്ക്കാരവും വച്ചു പുലർത്തുന്നവരാണ് നല്ല ജനപ്രതിനിധികളെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ വൈവിധ്യം അതേപടി കാത്ത് സൂക്ഷിക്കുന്നതിന് ഓരോ പൗരനും ചുമതലയുണ്ട്, എല്ലാവരേയും ഒന്നായി കാണുന്ന ദർശനം മാത്രമേ ശാശ്വതമായിരിക്കൂയെന്നും അദ്ദേഹം പറഞ്ഞു.

പുതു തലമുറയിൽപ്പെട്ട കുട്ടികൾക്ക് ജനാധിപത്യ സംവിധാനത്തിന്റെ പ്രധാന്യവും വ്യാപ്തിയും മനസ്സിലാക്കി നൽകുന്നതിനും ഭരണഘടനാ സംവിധാനങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കി നൽകുന്നതിനുമായാണ് ബാലസഭ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി കുടുംബശ്രീ 2007 മുതൽ ബാല പാർലമെന്റ് സംഘടിപ്പിച്ച് വരുന്നത്. ജില്ലാ, സംസ്ഥാനതലങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പ് പ്രതിനിധിക ളുമായി സംവദിച്ചു പരിഹാരം കണ്ടെത്തുന്നത് ലക്ഷ്യമിട്ടുള്ള ഓപ്പൺ ഫോറം ഇതാദ്യമായി ബാല പാർലമെന്റിന്റെ ഭാഗമായി സംഘടിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടർ പ്രസന്ന കുമാരി, വനം വകുപ്പിൽ നിന്ന് സി. രാജേന്ദ്രൻ ഐഎഫ്എസ് (ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്), എക്സൈസ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജി. മുരളീധരൻ നായർ, ബാലാവകാശ കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ സി.ജെ. ആന്റണി, കുടുംബക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. കെ. സന്ദീപ് എന്നിവർ ഓപ്പൺ ഫോറത്തിന്റെ ഭാഗമായി അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട കുട്ടികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

കോഴിക്കോട് ഒഴികെയുള്ള 13 ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 131 കുട്ടികൾ ബാല പാർലമെന്റിൽ പങ്കെടുത്തു. ആദ്യ ദിനത്തിൽ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ഡെപ്യൂട്ടി സെക്രട്ടറി സുരേഷ് കുമാർ ബാല പാർലമെന്റ് എന്ത്, എന്തിന്, എങ്ങനെ എന്ന വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നൽകി. തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവരിൽ നിന്ന് 20 കുട്ടികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്, പ്രധാനമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ്, വിവിധ വകുപ്പ് മന്ത്രിമാർ തുടങ്ങിയ ചുമതലകൾ അവരെ ഏൽപ്പിച്ചു. മന്ത്രിസഭയും അംഗങ്ങളും ചേർന്ന പാർലമെന്റ് യോഗമാണ് സംസ്ഥാന ബാല പാർലമെന്റായി പഴയ നിയമസഭാ മന്ദിരത്തിലെ അസംബ്ലി ഹാളിൽ സംഘടിപ്പിച്ചത്. ഇതിന് ശേഷം കുട്ടികളെ പുതിയ നിയമസഭാ മന്ദിര സന്ദർശനത്തിന് കൊണ്ടുപോകുകയും ചെയ്തു.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ (സാമൂഹ്യ വികസനം) ജി.എസ്. അമൃത ഉദ്ഘാടന സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു നന്ദി പറഞ്ഞു. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ

രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭ. വിനോദങ്ങളിലൂടെ വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വ ശേഷി, സഹകരണ മനോഭാവം, അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാ ധിപത്യബോധം, സർഗ്ഗശേഷി, വ്യക്തിത്വ വികസനം, പരിസ്ഥിതി ബോധം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുകയാണ് ബാലസഭയുടെ ലക്ഷ്യം.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**